**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2086** **20-01-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് രോഗമുക്തരുടെ തുടർ ആരോഗ്യ പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. സി. ജോർജ്** | | **Smt. K. K .Shailaja Teacher**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി)** | |
| (എ) | കോവിഡ് രോഗമുക്തി നേടിയ വ്യക്തികളുടെ തുടർ ആരോഗ്യ പ്രശ്ന പരിഹാരത്തിന് സർക്കാർ എന്തെല്ലാം നടപടി ക്രമങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | കോവിഡ് മുക്തരായവരിൽ കണ്ട് വരുന്ന ആരോഗ്യ പ്രശ്നങ്ങളെ പോസ്റ്റ് കോവിഡ് സിൻഡ്രോം എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. ലഘുവായ ആരോഗ്യ പ്രശ്നങ്ങൾ മുതൽ ഗുരുതരമായ രോഗങ്ങൾ വരെ പോസ്റ്റ് കോവിഡ് സിൻഡ്രോമിൽ ഉൾപ്പെടുന്നു. കോവിഡ് മുക്തരായ രോഗികളുടെ ആരോഗ്യ വിവരങ്ങൾ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജ് വരെ സജ്ജീകരിച്ചിട്ടുള്ള പോസ്റ്റ് കോവിഡ് ക്ലിനിക്കുകളിൽ രജിസ്റ്റർ ചെയ്തു വരുന്നുണ്ട്. സർക്കാർ പുറപ്പെടുവിച്ച പോസ്റ്റ് കോവിഡ് സംബന്ധിക്കുന്ന മാർഗ്ഗ നിർദ്ദേശ പ്രകാരം ജില്ലാതലത്തിൽ Deputy DMO (NCD) പോസ്റ്റ് കോവിഡ് ക്ലിനിക്കിന്റെ നോഡൽ ഓഫീസറായും ശ്വാസ് നോഡൽ ഓഫീസറെ അസിസ്റ്റ് ചെയ്യാനുമായി നിയമിച്ചു. ഇതിന്റെ ഭാഗമായി എല്ലാ മെഡിക്കൽ ഓഫീസർമാർക്കും സ്വകാര്യ മേഖലയിലെ ഡോക്ടർമാർക്കും പരിശീലനം നൽകി. ഒരു നിശ്ചിത ദിവസം മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ പോസ്റ്റ് കോവിഡ് ക്ലിനിക് നടത്തുന്നു. കോവിഡ് രോഗമുക്തി വന്നിട്ടുള്ള എല്ലാ രോഗികളേയും രജിസ്റ്റർ ചെയ്യുന്നതിന് നടപടി സ്വീകരിച്ചു. ഈ ക്ലിനിക്കിൽ രജിസ്റ്റർ ചെയ്യാത്ത കോവിഡ് മുക്തരെ നിരീക്ഷിക്കാനായി ആരോഗ്യ പ്രവർത്തകരേയും ആശാ പ്രവർത്തകരേയും നിയമിച്ചു. പ്രാഥമികാരോഗ്യ കേന്ദ്രം/ സാമൂഹികാരോഗ്യ കേന്ദ്രം/കുടുംബാരോഗ്യ കേന്ദ്രം എന്നിവിടങ്ങളിൽ നിന്നും റഫർ ചെയ്ത് വരുന്ന പോസ്റ്റ് കോവിഡ് രോഗികളെ ചികിത്സിക്കുന്നതിനായി താലൂക്ക് ആശുപത്രി/ജില്ല/ ജനറൽ ആശുപത്രി/ മെഡിക്കൽ കോളേജുകളിൽ വിവിധ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ടീമിനെ നിയോഗിച്ചു. സംസ്ഥാന സർക്കാരിന്റെ ടെലി |

| | | | |
|---|---|---|---|
| | | | മെഡിസിൻ പ്ലാറ്റ് ഫോം ആയ സഞ്ജീവനിയിലും പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ നടന്ന് വരുന്നുണ്ട്. ഗുരുതര രോഗ ലക്ഷണങ്ങളുള്ള പോസ്റ്റ് കോവിഡ് രോഗികൾക്ക് വേണ്ടി സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ജില്ല/ജനറൽ ആശുപത്രി/മെഡിക്കൽ കോളേജുകളിൽ നൽകി വരുന്നുണ്ട്. ശ്വാസകോശ സംബന്ധമായ വ്യായാമം ആവശ്യമുള്ളവർക്ക് അതിനുള്ള സേവനം അടുത്തുള്ള ശ്വാസ് ക്ലിനിക്കുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. ആരോഗ്യവകുപ്പ് ഡയറക്ടർ/മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ഈ പ്രോഗ്രാമിന്റെ മേൽനോട്ടം വഹിക്കുന്നു. |
| (ബി) | പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ബി) | കോവിഡ് രോഗമുക്തി നേടിയവരുടെ തുടർ ആരോഗ്യ പ്രശ്നങ്ങൾ വലിയതോതിൽ വർദ്ധിക്കുകയോ ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്യുകയോ ചെയ്യുന്ന സാഹചര്യത്തിൽ ആയത് പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ